സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ട്രേഡ്സ്മാൻ നിയമനം - വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റണ്ടർ /ക്ലാസ്സ് IV ജീവനക്കാർ എന്നിവരിൽ നിന്നും ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള ഒഴിവുകളിലേക്ക് തസ്തിക മാറ്റ നിയമനം - ബഹു:കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ 04.03.2021 ലെ O.A. No.934/2019 ലെ ഉത്തരവ് - അന്തിമ മുൻഗണന പട്ടിക - ഫിറ്റിങ് ട്രേഡ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് --

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB3/21408/19/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 19.05.2021

---

വായന:- 1. ജി.ഓ.(പി) നം.503/2012/ഉ.വി.വ തീയതി: 12.10.2012

2. 07.08.2017, 16.08.2017, 07.08.2018, 07.09.2018 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

3. ഈ കാര്യാലയത്തിലെ 03.06.2019 ലെ EB3/29231/17/ഡി.ടി.ഇ നമ്പർ അന്തിമ മുൻഗണന പട്ടിക

4.ഈ കാര്യാലയത്തിലെ 03.06.2019 ലെ EB3/29231/17/ഡി.ടി.ഇ നമ്പർ ഉത്തരവ്

5. ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻറെ 04.03.2021 ലെ OA No .934/2019 നമ്പർ അപേക്ഷയിലെ ഉത്തരവ് .

**ഉത്തരവ്**

വായന (1) പ്രകാരം 12.10.2012 പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ സബോർഡിനേറ്റ് സർവീസ് റൂൾസ് അനുസരിച്ച് ഈ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നടത്തുന്നതിനായി വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV ജീവനക്കാർ എന്നിവരിൽ നിന്നും തസ്തികമാറ്റ നിയമനത്തിനായി വായന (2) പ്രകാരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അർഹമായ അപേക്ഷകൾ പരിഗണിച്ച്, വായന (3) പ്രകാരം വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നൽകുന്നതിന് യോഗ്യരായ ജീവനക്കാരുടെ അന്തിമ മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചിരുന്നു .

എന്നാൽ മൊഗ്രാൽപുത്തൂർ സർക്കാർ ടെക്നിക്കൽ ഹൈ സ്കൂളിലെ നൈറ്റ് വാച്ച് മാൻ ശ്രീ ഉദയകുമാർ കെ , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 934/2019 അപേക്ഷയിൽ വായന (5) പ്രകാരം , 04.03.2021 ൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു

"The 2nd Respondent is directed to issue appropriate appointment orders to the applicant as Tradesman in Fitting Trade in accordance with the Special Rules and taking note of the date of eligibility as 13.04.2017 . On issuance of appointment orders , the 2nd respondent shall revise/refix the appointments as per Annexure A 13 order in the Fitter Trade within a period of two months from the date of reciept of a copy of this order "

ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ ഉത്തരവിൻറെ വെളിച്ചത്തിൽ വായന (4) പ്രകാരമുള്ള Annexure A 13 (വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV ജീവനക്കാർ എന്നിവർക്ക് ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നൽകിയ ഉത്തരവ്) പുന:ക്രമീകരിക്കേണ്ടതുണ്ട് . മേൽ സാഹചര്യത്തിൽ ഈ വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റൻഡർ/ക്ലാസ് IV വിഭാഗത്തിലെ ജീവനക്കാരെ ട്രേഡ്സ്മാൻ തസ്തികയിലേക്ക് തസ്തിക മാറ്റ നിയമനം നൽകുന്നതിനായി വായന (3) പ്രകാരം പുറപ്പെടുവിച്ച അന്തിമ മുൻ ഗണന പട്ടികയിലെ ഫിറ്റിങ് ട്രേഡിലെ പട്ടികയിൽ ശ്രീ ഉദയകുമാർ കെ യെ കൂടി ഉൾപ്പെടുത്തി, ക്രമ നമ്പർ (2) ശ്രീ സജീവ് കുമാർ പി യുടെയും ക്രമ നമ്പർ (3) ശ്രീ സലീഷ് ബാബു ടി യുടെയും മദ്ധ്യേ ക്രമ നമ്പർ 2(A) ആയി ശ്രീ ഉദയകുമാർ കെ യുടെ സ്ഥാനം നിജപ്പെടുത്തി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Draft #16 of File EB3/21408/19/DTE Approved by Senior Joint Director (ECS) on 19-May-2021 08:21 PM - Page 1

പ്രസ്തുത അന്തിമ മുൻഗണന പട്ടികയിൽ ശ്രീ ഉദയകുമാർ കെ എന്ന ജീവനക്കാരനെ ചുവടെ പറയും പ്രകാരം ട്രേഡ്സ്മാൻ (ഫിറ്റിങ്) തസ്തികയിൽ ക്രമീകരിച്ചിരിക്കുന്നു

| വകുപ്പിലെ അർഹരായ നോൺ ടെക്നിക്കൽ അറ്റണ്ടർ/ക്ലാസ്സ് IVജീവനക്കാർ എന്നിവരിൽ നിന്നും ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള ഒഴിവുകളിലേക്ക് തസ്തിക മാറ്റ നിയമനം നല്കിയ 03.06.2019 ലെ ഇബി3/29231/2017 നമ്പർ അന്തിമ മുൻഗണന പട്ടിക യിലെ ഫിറ്റിങ് ട്രേഡ് പരിഷ്കരിച്ചത് സംബന്ധിച്ച് | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പേര്, സ്ഥാപനം | നിയമന ശുപാർശ തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | നിരീക്ഷണകാലം പൂർത്തിയാക്കിയ തീയതി | 2 വർഷത്തെ സേവനം പൂർത്തിയാക്കിയ തീയതി | വിദ്യാഭ്യാസ യോഗ്യത | വിദ്യാഭ്യാസ യോഗ്യത കരസ്ഥമാക്കിയ തീയതി | തസ്തിക മാറ്റ നിയമനത്തിന് അർഹത നേടിയ തീയതി |
| 2 (A) | ഉദയകുമാർ കെ നൈറ്റ് വാച്ച് മാൻ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ മുഗ്രാൽപുത്തൂർ | 28.03.2015 | 13.04.2015 | 08.02.2012 | 13.04.2017 | ഡിപ്ലോമ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിങ് | 08.09.1997 | 13.04.2017 |

ആവശ്യമായ പരിഷ്കരണം വരുത്തിയ 03.06.2019 ലെ ട്രേഡ്സ്മാൻ ഫിറ്റിങ് തസ്തികയിലെ മുൻഗണന പട്ടിക അന്തിമമാക്കി അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു

ഒപ്പ് /-

ഡോ. സിസ തോമസ്
സീനിയർ ജോയിൻറ് ഡയറക്ടർ (ഇ സി എസ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം )
2. സൂപ്രണ്ട് , ഇജി സെക്ഷൻ
3. ഫയൽ നം EB3/29231/2017
4. കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #16 of File EB3/21408/19/DTE Approved by Senior Joint Director (ECS) on 19-May-2021 08:21 PM - Page 2